**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5870** **08-11-2021 - ൽ മറുപടിയ്ക്ക്**

**മഴക്കാല വൈദ്യുതി അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഴക്കാല വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപകടങ്ങൾ നേരിടുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ വിശദീകരിക്കാമോ; | (എ) | മഴക്കാലത്ത് വൈദ്യുതി അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. കാലവർഷത്തിനു മുന്നോടി യായി ഇലക്ട്രിക് ലൈനുകളുടെയും ഉപകര ണങ്ങളുടെയും പ്രവർത്തനങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും തകരാറുണ്ടെങ്കിൽ പരിഹരി ക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷത്തിനു മുന്നോടിയായി ലൈനിലേക്ക് ചാഞ്ഞു നിൽക്കുന്നതും വീഴാറായതുമായ മരങ്ങളും മരച്ചില്ലകളും വെട്ടി മാറ്റിയിട്ടുണ്ട്. പോസ്റ്റുകൾ ക്രോസ്സാം, ഇൻസുലേറ്റർ, സ്റ്റേ, എർത്തിംഗ്, എ.ബി.സ്വിച്ച്, ട്രാൻസ്ഫോർമർ സ്റ്റേഷൻ എന്നിവയുടെയും അറ്റകുറ്റപ്പണികൾ പൂർത്തി യാക്കിയിട്ടുണ്ട്. കൂടാതെ താഴ്ന്ന കിടക്കുന്ന ലൈനുകൾ റീഷാക്കിളിംഗ് ചെയ്തിട്ടുണ്ട്. |
| (ബി) | ശക്തമായ കാറ്റ്, മഴ, മിന്നലോടുകൂടിയ ഇടി എന്നിവയുള്ളപ്പോൾ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ശക്തമായ കാറ്റ്, മഴ, ഇടിമിന്നൽ എന്നിവയുള്ളപ്പോൾ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങളെക്കുറിച്ച് പൊതുജ നങ്ങളെ ബോധവൽക്കരിക്കുവാൻ താഴെ പ്പറയുന്ന അറിയിപ്പുകൾ വിവിധ മാധ്യമ ങ്ങളിലൂടെ നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ ശ്രദ്ധക്കായി നൽകുന്ന അറിയിപ്പ് വൈദ്യുതി ലൈൻ/സർവ്വീസ് വയർ പൊട്ടി വീണു കിടക്കുന്നതു കണ്ടാൽ യാതൊരു കാരണവശാലും സ്പർശിക്കരുത്. ബന്ധപ്പെട്ട കെ.എസ്.ഇ.ബി ഓഫീസിൽ അറിയിച്ച് പ്രസ്തുത ലൈൻ/സർവ്വീസ് വയർ ഓഫ് ചെയ്തു എന്ന് ഉറപ്പു വരുത്താതെ അതിനടുത്തേക്ക് പോവുകയോ സ്പർശി ക്കുകയോ ചെയ്യരുത്. വെള്ളത്തിൽ വൈദ്യുതി ലൈൻ പൊട്ടി വീണു കിടക്കുന്നതു കണ്ടാൽ യാതൊരു കാരണവശാലും ആ വെള്ളത്തിൽ ചവിട്ടുകയോ സ്പർശിക്കുകയോ ചെയ്യരുത്. ശക്തമായ കാറ്റും മഴയും ഇടി മിന്നലും ഉള്ളപ്പോൾ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ഉപയോ ഗിക്കരുത്. പ്ലഗ്ഗിൽ ഘടിപ്പിച്ചിരിക്കുന്ന എല്ലാ ഉപകരണങ്ങളും അതിൽ |

| | | | |
|---|---|---|---|
| | | | നിന്നും ഊരിയിടുക. കാലവർഷക്കെടുതി മൂലം വൃക്ഷങ്ങളോ ശിഖരങ്ങളോ വീണു കമ്പികൾ താഴെ കിടക്കുവാനും പോസ്റ്റുകൾ ഒടിയുവാനും സാധ്യതയുണ്ട്. ഇത്തരത്തിലുള്ള അപക ടങ്ങൾ, മറ്റു വൈദ്യുത അപകടങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അടുത്തുള്ള കെ.എസ്.ഇ.ബി ഓഫീസിൽ അല്ലെങ്കിൽ 1912/ സുരക്ഷാ എമർജൻസി നമ്പരായ 9496010101 എന്നീ നമ്പരിലോ വിളിച്ച് അറിയിച്ച് വിലപ്പെട്ട ജീവൻ രക്ഷിക്കുക. വെള്ളം കയറിയതുമൂലം വൈദ്യുതി ബന്ധം വിച്ഛേദിച്ച കെട്ടിടങ്ങളിൽ വൈദ്യുത ബന്ധം പുനസ്ഥാപിക്കുന്നതിന് മുമ്പ് വയറിംഗും അനുബന്ധ ഉപകരണങ്ങളും അംഗീകൃത വയർമാനെക്കൊണ്ട് അപകടരഹിതമാ ണെന്ന് ഉറപ്പാക്കേണ്ടതാണ്. |
| (സി) | കാലവർഷത്തിന് മുന്നോടിയായി വൈദ്യുതി അപകട സാധ്യതയുള്ള പ്രദേശങ്ങളിലെ മരങ്ങളും ചില്ലകളും മുറിക്കുന്ന ജോലികൾ സമയബന്ധിതമായി നടപ്പാക്കുമോ; വ്യക്തമാക്കുമോ? | (സി) | മഴക്കാലം വരുന്നതിന്റെ മുന്നോടിയായി ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും ജീവനക്കാർ ഇലക്ട്രിക് ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങ ളുടെയും പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും തകരാറുകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുകയും അറ്റകുറ്റ പണികൾ ചെയ്യുന്നതിനും, ലൈൻ പരിശോധന നടത്തി ലൈനുകളിൽ മുട്ടി നിൽക്കുന്ന വൃക്ഷങ്ങളും വൃക്ഷ ശിഖരങ്ങളും നീക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും പ്രീ-മൺസൂൺ മെയിന്റനൻസ് നടത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ഇത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ